മാതൃഭൂമി

പ്രസിദ്ധീകരണം

# ആകാശപ്പച്ച

## പച്ചപ്പുകൊണ്ട് മറയണം ആകാശ നീലിമ



മാതൃഭൂമി സീഡ് വിദ്യാർഥികളുടെയും അധ്യാപകരുടെയും
പ്രകൃതിസൗഹൃദ നിലപാടുകൾക്ക് ഒരു ഡിജിറ്റൽ ഇടം

MATHRUBHUMI SEED
DIGITAL NATURE MAGAZINE
LEAF - 05 MARCH 2022

# ആകാശപ്പച്ച

## CONTENTS


എഡിറ്റോറിയൽ

കാട്ടിലെക്കാര്യം

കേരളം അറിയാൻ

ചിറകുള്ള ചങ്ങാതിമാർ

ഈ ഫോട്ടോ കാണാം

കൃഷിക്കാര്യം

സിനിമാപാട്ടിലെ പ്രകൃതി

ഇത് അതിശയം തന്നെ

തെറ്റ് ശരി

ലോകം എങ്ങനെ

പൂവറിവ്

വർണച്ചിറക്


cover image: vecteezy.com



## 'തരു തനുവിൽ തലോടിടട്ടെ കരുതലോടെ ജീവിതം'

ആകാശപ്പച്ചയുടെ അഞ്ചാമത്തെ ലക്കമാണിത്. കൊച്ചു രചനകളിലൂടെ നമ്മൾ കുറച്ചേ പറയുന്നുള്ളൂ. പക്ഷേ, ഉറക്കെയാണ് പറയുന്നത്!

---

'കാട്' കൃഷിചെയ്യുന്നതിനെപ്പറ്റി നമുക്ക് പറയേണ്ടിവരുന്നു. കൂട്ടമായി നിന്ന് സൂര്യപ്രകാശത്തിനായി മത്സരിക്കുന്ന ഇലകളിലാണ് നമ്മൾ ജീവിതം കണ്ടെത്തുന്നത്.

---

വരിതെറ്റാതെ, വഴിതെറ്റാതെ സഞ്ചരിക്കുന്ന ഉറുമ്പുകളും നമ്മെ പലതും പഠിപ്പിക്കുന്നു.

---

വഴിയിൽ ഉപേക്ഷിച്ച പ്ലാസ്റ്റിക് കുപ്പിയിൽനിന്ന് വർണച്ചിറക് വിരിച്ച് പൂമ്പാറ്റ പറന്നുയരുന്നത് സ്വപ്നം കാണാനും കഴിയുന്നുണ്ട് നമുക്ക്.

---

അതെ, ഈ ചെറിയ തുരുത്തുകൾ പ്രതീക്ഷയുടെതുതന്നെയാണ്. 'തരു തനുവിൽ തലോടിടട്ടെ കരുതലോടെ ജീവിതം.' എന്ന് നമുക്ക് തീർച്ചയായും പ്രത്യാശിക്കാം.

# കണക്കറിയുന്നവർ!

നെല്ലുവിളയുന്ന പാടങ്ങൾ നികത്തിയ കണക്കിന് മുകളിൽ നമ്മൾ ആന്ധ്രയിൽനിന്ന് എത്തുന്ന അരിയുടെ കണക്ക് വെച്ചു. പച്ചക്കറിപ്പാടങ്ങളൊക്കെയും തമിഴ്നാട്ടിൽനിന്നെത്തുന്ന ലോറികളുടെ കണക്കിൽ മൂടിപ്പോയി. 44 നദികളുടെ വെള്ളത്തിനും മീതേ ദാഹമകറ്റാൻ ഗുണ്ടുൽപേട്ടിൽനിന്ന് തണ്ണിമത്തനെത്തി. ഈ കണക്കുകൂട്ടലിൽ പെടാത്ത ചിലതുകൂടിയുണ്ടല്ലോ. പാടത്തെ വെള്ളം കിണറിലെയും കുളത്തിലെയും വെള്ളത്തിന്റെ അമ്മയായിരുന്നു, പാടത്തെ തവള കൊതുകിനെ പിടിക്കുന്ന യന്ത്രമായിരുന്നു, പാടത്തെ പണികൾ ഹൃദയത്തിന്റെ ആരോഗ്യവുമായിരുന്നു. നമ്മുടെ മത്തനും കുമ്പളവുമൊക്കെ വിഷമില്ലാത്ത വിവേകവുമായിരുന്നു. മണ്ണിൽനിന്നകന്നുപോകുന്ന കുടുക്കിലേക്ക് കഴുത്ത് നീട്ടി നിൽക്കുകയാണ് നമ്മൾ. ഇനി ഒരൊറ്റ വലി മതി കണക്കായിപ്പോകാൻ!

# വേണ്ടത് പ്രകൃതിവിദ്യാഭ്യാസം

സസ്യജന്തുജീവിതത്തിന്റെ അമൂല്യശേഖരം ഉൾക്കൊള്ളുന്ന ജൈവവൈവിധ്യകലവറയാണ് കാടുകൾ. കാടകങ്ങളിലെ സ്വാഭാവിക ആവാസ വ്യവസ്ഥയാണ് എല്ലാ ജീവജാലങ്ങളുടെയും നില നിൽപ്പിന് ആധാരം. അത് തിരിച്ചറിയുകയും കാട് സംരക്ഷിക്കുകയും ചെയ്യേണ്ടത് വരുംതലമുറയുടെ നിലനിൽപ്പിന്റെ ആവശ്യവുമാണ്.

കേവലം ബോധവത്കരണപ്രവർത്തനങ്ങളിൽ ഒതുങ്ങിനിൽക്കാതെ, പ്രകൃതിവിദ്യാഭ്യാസത്തിന് ശക്തമായ അടിത്തറയൊരുക്കുകയാണ് വേണ്ടത്. പ്രകൃതിയും മനുഷ്യനും എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നുവെന്ന ബോധ്യത്തിന് വലിയ പ്രസക്തിയുണ്ട്. സ്വാഭാവിക വനം, പുൽമേടുകൾ, നീർമറിപ്രദേശങ്ങൾ, നീർച്ചാലുകളുടെ ഉദ്ഭവം തുടങ്ങിയവ നേരിൽ കണ്ടുപഠിക്കാൻ വിദ്യാർഥികൾക്ക് അവസരമൊരുക്കണം. ഇതിനുപുറമേ പക്ഷിനിരീക്ഷണം, പൂമ്പാറ്റനിരീക്ഷണം, സസ്യങ്ങളെ പരിചയപ്പെടൽ എന്നീ പ്രവർത്തനങ്ങളും വേണം. ഇതൊക്കെ നമ്മെ പ്രകൃതിയിലേക്ക് കൂടുതലടുപ്പിക്കും. നല്ല തിരിച്ചറിവ് നല്ല സംരക്ഷണത്തിനും സഹായിക്കും.

സോണിത എം.എസ്.
എ.കെ.എൻ.എം. എം.എ.എം.എച്ച്.എസ്.എസ്.,പാലക്കാട്

# വീണ്ടെടുക്കണം പുഴയുടെ മിടിപ്പുകൾ

കേരളത്തെ ജലസമൃദ്ധമാക്കിയിരുന്ന 44 നദികളുടെയും സ്വാഭാവിക ഒഴുക്ക് നഷ്ടമാവുകയാണ്. വനനശീകരണം, കുന്നിടിക്കൽ, കയ്യേറ്റം, ഒഴുക്ക് തടയൽ, മണൽ വാരൽ, മലിനീകരണം തുടങ്ങി നമുക്കറിയാവുന്ന കാരണങ്ങൾതന്നെയാണ് ഇതിന് പിന്നിലുള്ളത്. പുഴയ്ക്ക് ജീവനുണ്ടെന്ന് വിശ്വസിച്ചാൽ അതിനോടുള്ള മനുഷ്യന്റെ ക്രൂരതകൾ ഒരുപക്ഷേ, അവസാനിക്കും. തദ്ദേശസ്ഥാപനങ്ങളും സർക്കാറിന്റെ വിവിധ വകുപ്പുകളും ഇതിനായി ഒത്തൊരുമിച്ച് പ്രവർത്തിക്കണം. മണൽ വാരിയും മാലിന്യങ്ങൾ തള്ളിയും പുഴകൾ മലിനമാക്കുന്നതിനെതിരേ ജനപങ്കാളിത്തത്തോടെയുള്ള പരിപാടികൾ ആവിഷ്കരിക്കണം. മലനാടിനും ഇടനാടിനും തീരപ്രദേശത്തിനും അനുയോജ്യമായ വ്യത്യസ്ത മഴവെള്ളസംഭരണവും വനവത്കരണവുമാണ് ആവശ്യം. കേരളത്തിന്റെ ഏറ്റവും വലിയ ജലസമ്പത്ത് പാഴായിപ്പോകാതിരിക്കാനുള്ള ഒരു ജലസംസ്കാരം കുട്ടികളിലൂടെ നാം വളർത്തിയെടുക്കണം.



ആദിദേവ് എൻ.വി.
വേശാല ഈസ്റ്റ് എ.എൽ.പി. സ്കൂൾ
കണ്ണൂർ




# തീക്കുരുവി

Scarlet minivte (Pericrocotus flammeus)

ശബ്ദംകൊണ്ടും വർണഭംഗികൊണ്ടും വളരെപ്പെട്ടെന്ന് നമ്മുടെ ശ്രദ്ധയാകർഷിക്കുന്നവയാണ് തീക്കുരുവികൾ. പേര് സൂചിപ്പിക്കുന്നതുപോലെ തീക്കനൽ പറക്കുന്നതുപോലെത്തോന്നും ഇവ പറക്കുന്നത് കണ്ടാൽ. പൂവനും പിടയും ചേർന്ന ചെറുകൂട്ടങ്ങളായാണ് കാണുക. ആണിന്റെ തല, കഴുത്ത്, മുഖം, താടി, പുറം, വാലിന്റെ നടുത്തൂവൽ എന്നിവ കറുപ്പാണ്. ബാക്കി എല്ലായിടത്തും തീക്കനൽ പോലുള്ള ചുവപ്പുനിറം. പിടയുടെ പുറംഭാഗം ചാരനിറത്തിലും അരപ്പട്ട, നെറ്റിയുടെ മുൻഭാഗം, അടിഭാഗം എന്നിവ മഞ്ഞനിറത്തിലുമാണ്. റ്റ്വീറ്റ്വീ, റ്റ്വി റ്റ്വീ എന്ന് ശബ്ദമുണ്ടാക്കിക്കൊണ്ട് ഒരു പക്ഷി പറന്നുപോയാൽ മറ്റുള്ളവയും അതിനെ പിൻതുടർന്ന് പറക്കും. ജനുവരിമുതൽ ജൂലായ്‌വരെയാണ് പ്രജനനകാലം.

മാതൃഭൂമി ആകാശപ്പച്ച
2022 മാർച്ച്

അനുലയ ബി. കമൽ
ക്ലാസ് 10
ഗവ. എച്ച്.എസ്. കാലിച്ചാനടുക്കം
കാസർകോട്

ഈ ഫോട്ടോ കാണാം



# സന്ധ്യമയങ്ങും നേരം

**ഫോട്ടോ ലൊക്കേഷൻ : തൃക്കരിപ്പൂർ, കാസർകോട്**

ടി.എം. സുസ്മിത
സീഡ് കോർഡിനേറ്റർ
ഗവ. ഹയർ സെക്കൻഡറി സ്കൂൾ,
മാത്തിൽ, കണ്ണൂർ

# വനം
## കൃഷിചെയ്യുന്ന വിധം

സ്വാഭാവികവനങ്ങൾക്ക് സമാനമായ കാട് കുറഞ്ഞസമയംകൊണ്ട് കുറഞ്ഞസ്ഥലത്ത് ഒരുക്കിയെടുക്കുന്ന രീതിയാണ് മിയാവാക്കി. ഒരുമീറ്റർ ആഴത്തിൽ കുഴിയെടുത്ത് നടീൽമിശ്രിതം നിറച്ചാണ് ചെടികൾ നടുന്നത്. ചാണകപ്പൊടി, ഉമി, ചകിരിച്ചോറ്, മണ്ണ് എന്നിവ തുല്യ അനുപാതത്തിൽ കൂട്ടിക്കലർത്തിയാണ് നടീൽമിശ്രിതം തയ്യാറാക്കുന്നത്.



ഒരു ചതുരശ്രമീറ്ററിൽ നാല് ചെടികൾ എന്ന കണക്കിൽ നടാം. കുറ്റിച്ചെടികൾ, വള്ളിച്ചെടികൾ, ചെറുമരങ്ങൾ, വന്മരങ്ങൾ എന്നിവയൊക്കെ ഇടകലർത്തി നട്ട് കാട്ടിലുള്ളതുപോലെ പലതട്ടിലുള്ള ഇലച്ചാർത്ത് ഉറപ്പാക്കാം. അടുത്തടുത്ത് നടുന്ന സസ്യങ്ങൾ സൂര്യപ്രകാശത്തിനായി മത്സരിച്ചുവളർന്ന് വളരെ പെട്ടെന്ന് കൊച്ചുവനമായി മാറും.

വീടുകളോട് ചേർന്നോ സ്ഥാപനങ്ങളോട് ചേർന്നോ അരസെന്റ് സ്ഥലത്തുപോലും ഇത്തരം സൂക്ഷ്മവനങ്ങളൊരുക്കാം. ചിത്രശലഭങ്ങൾക്കും പക്ഷികൾക്കും ചെറുജീവികൾക്കും വാസസ്ഥാനമൊരുക്കി കൊച്ചു ജൈവവൈവിധ്യ ഉദ്യാനങ്ങളായി പ്രവർത്തിക്കാനും മിയാവാക്കി കാടുകൾക്ക് കഴിയും.

ശർമിള സി.
ജി.എച്ച്.എച്ച്.എസ്., പട്ടിക്കാട്
മലപ്പുറം

## സിനിമാപാട്ടിലെ പ്രകൃതി




"പച്ചപ്പനം തത്തേ
പുന്നാര പൂമുത്തേ
പുന്നെല്ലിൻ പൂങ്കരളേ...
ഉച്ചയ്ക്കു നീയെന്റെ കൊച്ചു
വാഴത്തോപ്പിൽ
ഒന്നു വാ പൊന്നഴകേ..."



പച്ചക്കുപ്പായക്കാരായ തത്തകളെക്കുറിച്ചാണ് പാട്ടിലെ പ്രതിപാദ്യം. വിളഞ്ഞുനിൽക്കുന്ന നെൽപ്പാടങ്ങളിൽനിന്ന് പൊന്നിൻ കതിർക്കുല കൊത്തിയെടുത്ത് പറന്നുപൊങ്ങുന്ന തത്തകൾ നിത്യക്കാഴ്ചയാണ്, ഒപ്പം കർഷകർക്ക് തലവേദനയും. പറക്കുമ്പോഴും കലപിലശബ്ദമുണ്ടാക്കി കൂട്ടംകൂടിയാണ് ഇവയുടെ സഞ്ചാരം. ശരീരം മുഴുവൻ പച്ചനിറം, മുകൾവശത്ത് നീലയുടെ ചാഞ്ചാട്ടം, മഞ്ഞ കലർന്ന വാൽ, കൊക്കിന്റെ മുകൾപ്പകുതി ചുവപ്പ്, കീഴ്പ്പകുതി കറുപ്പ്. നിറങ്ങളിലെ ഈ ലയമാണ് ഇവയുടെ സൗന്ദര്യരഹസ്യം. സാധാരണ ഇവ മരത്തിന്റെ പൊത്തുകളിലാണ് താമസിക്കുന്നത്. കുറുകിയ കാലുകളുള്ള ഇവയ്ക്ക് നാല് വിരലുകൾവീതമാണുള്ളത്. രണ്ടെണ്ണം മുൻപോട്ടും രണ്ടെണ്ണം പുറകോട്ടും.





രചന: **പൊൻകുന്നം ദാമോദരൻ**
സംഗീതം: **എം. ജയചന്ദ്രൻ**

ദീപ, അധ്യാപിക
മഹാത്മാ എൽ.പി. & യു.പി. സ്കൂൾ,
പൊറത്തിശ്ശേരി, തൃശ്ശൂർ

# വഴി തെറ്റിക്കാത്ത കൂട്ടുകാർ

നമ്മുടെ വീടിന്റെ പരിസരത്തും തൊടിയിലും എപ്പോഴും ഉറുമ്പുകൾ നിരനിരയായി പോകുന്നത് കണ്ടിട്ടില്ലേ? എന്താവും കാരണം? നിങ്ങൾ ചിന്തിച്ചിട്ടുണ്ടോ? സമൂഹജീവികളായ ഉറുമ്പുകൾക്കും തേനീച്ചകൾക്കും മറ്റും മണത്തറിയാനുള്ള കഴിവ് വളരെയധികമുണ്ട്. ശരിയായ മണമില്ലാത്തവരെ അവർ കൂട്ടിലേക്ക് അടുപ്പിക്കാറില്ല. ഈ കഴിവ് ഉപയോഗിച്ചാണ് അവ പ്രധാനമായും ഭക്ഷണം കണ്ടെത്തുന്നത്. ഉറുമ്പുകളുടെ കൂട്ടത്തിലെ ഭക്ഷണം കണ്ടെത്താൻ നിയോഗിക്കപ്പെട്ട നിരീക്ഷകരായ ഉറുമ്പുകൾ അത് കണ്ടെത്തി തിരികെ വരുന്നു. വരുന്ന വഴിയിലെല്ലാം ഫെറോമോൺ എന്ന ഒരു രാസവസ്തു വീഴ്ത്തുന്നു. ഈ രാസവസ്തുവാണ് മറ്റ് ഉറുമ്പുകൾക്ക് വഴികാട്ടുന്നത്. അതോടൊപ്പം തന്നെ സമൂഹജീവികളെന്നനിലയിൽ പരസ്പരം പാലിക്കേണ്ട വിശ്വാസവും പങ്കുവയ്ക്കലും ഉറുമ്പുകളുടെ ഈ പ്രവൃത്തിയിലൂടെ പ്രകൃതി നമ്മെ പഠിപ്പിക്കുന്നു.



ഫറ ഫാത്തിമ കെ., ക്ലാസ് 9
മെക്ലോഡ്സ് ഇംഗ്ലീഷ് സ്കൂൾ
വയനാട്

# ഇരു തലയോ? ഒരു തലയോ?

തെറ്റ് ശരി

പണ്ട് പതിനാറാംനൂറ്റാണ്ടിൽ ധാരാളം ഉൽക്കകൾ ഭൂമിയിൽ പതിച്ചത്രേ. അങ്ങനെ ഇറിഡിയം ലോഹത്തിന്റെ ഐസോടോപ്പുകൾ മണ്ണിൽ കലർന്നു. അവ മണ്ണൂലിപ്പാമ്പുകളുടെ കോശങ്ങളിലുമെത്തി. അങ്ങനെയാണ് അവയ്ക്ക് ഇത്രയും തിളക്കവും മാന്ത്രികശക്തിയും കിട്ടിയത്. അവയ്ക്ക് അരിമണികളെ ആകർഷിച്ച് വരുത്താൻ കഴിവ് കിട്ടിയത്രേ. അതുകൊണ്ട് മണ്ണൂലിപ്പാമ്പുള്ളിടത്ത് ധാന്യങ്ങൾ കുന്നുകൂടും. മണ്ണൂലിപ്പാമ്പിന്റെ നിലനിൽപ്പുതന്നെ അപകടത്തിലാക്കിയ ഈ കള്ളക്കഥയാണിത്!



കഥാനായകനായ മണ്ണൂലിപ്പാമ്പിന്റെ ശരീരത്തിൽ ഇറിഡിയം ഉള്ളതായി ഇതുവരെ ആരും കണ്ടെത്തിയിട്ടുമില്ല. പിന്നെയല്ലേ ഇറിഡിയം അരിമണികളെ ആകർഷിക്കുമെന്നതിന് തെളിവ്.

മണ്ണൂലിപ്പാമ്പിനെ കണ്ടാൽ രണ്ട് തലയുള്ളതായിത്തോന്നും. ഇവയുടെ ഗുദഭാഗം വാലിന്റെ അറ്റത്തല്ല, വാലിന്റെ ഉൾഭാഗത്താണ് എന്നത് ഈ തോന്നൽ ശക്തിപ്പെടുത്തും. വെള്ളത്തിലിട്ടാൽ രണ്ടറ്റത്തുനിന്ന് വായുകുമിളകൾ വരുന്നുവെന്നതും രണ്ട് തലയുള്ളതായി പറയാൻ കാരണമായിട്ടുണ്ടാകാം. ഇരുതലമൂരിയെന്ന് മണ്ണൂലിയെ വിളിക്കാൻ കാരണവും ഇതൊക്കെത്തന്നെ. ഇവയ്ക്ക് ഒരു തലയേയുള്ളൂ എന്നതാണ് സത്യം.

പാർവണ എം. പ്രജേഷ് , ക്ലാസ് 7
ഗവ. യു.പി. സ്കൂൾ, കുമാരനല്ലൂർ, കോട്ടയം

ലോകം എങ്ങനെ

# അവരവരുടെ അതിരുകൾ



ഈ ലോകം മനുഷ്യരുടെത് മാത്രമല്ല കണ്ണുകൊണ്ട് കാണാൻകഴിയാത്ത വൈറസ് മുതൽ നീലത്തിമിംഗിലം വരെയുള്ള എല്ലാ ജീവികളുടെതുമാണ്. എല്ലാവരും അവരവരുടെതായ അതിരുകളിൽ ജീവിച്ചാൽ എല്ലാവർക്കും വേണ്ടത് ഈ പ്രകൃതിയിലുണ്ട്. എത്ര ഉന്നതിയിലുള്ള ജീവിയായാലും അതിരുകൾ ലംഘിച്ചാൽ എപ്പോഴെങ്കിലും പ്രകൃതിനിയമങ്ങൾക്ക് വഴങ്ങാതിരിക്കാനാവില്ല. കൊറോണ ഒരു ചെറിയ മുന്നറിയിപ്പാണ്. ഈ മുന്നറിയിപ്പുകൊണ്ട് പഠിച്ച് മനുഷ്യൻ പ്രകൃതിയിലേക്കുള്ള കടന്നുകയറ്റം അവസാനിപ്പിച്ച് എല്ലാ ജീവികൾക്കും ഒരുമിച്ച് ജീവിക്കാനുള്ള സാഹചര്യമുണ്ടാക്കിയാൽ നമ്മുടെ ഭാവി സുരക്ഷിതമാവും.

അഭിനവ് സി., ക്ലാസ് 7
മലബാർ ക്രിസ്ത്യൻ കോളേജ് എച്ച്.എസ്.എസ്.
കോഴിക്കോട്

# കാക്കപ്പൂവ്

## Utricularia reticulata

ഓണത്തിന് പൂക്കളമൊരുക്കാൻ ഉപയോഗിക്കുന്ന പൂക്കളിൽ പ്രധാനമാണ് കാക്കപ്പൂവ്. ഈ കാക്കപ്പൂവിനൊരു വിശേഷമുണ്ട്. ഇതൊരു ഇരപിടിയൻ സസ്യമാണെന്ന് നിങ്ങൾക്കറിയാമോ? യൂട്രിക്കുലേറിയ റെറ്റിക്കുലേറ്റ (Utricularia reticulata) എന്നതാണ് ശാസ്ത്രനാമം. നന്നായി വെള്ളമുള്ള ഇടങ്ങളിലും ഉറവയുള്ള പാറയിലും വയലുകളിലും നന്നായി വളരുന്നു. നെല്ലിപ്പൂവ് എന്നും ചിലയിടങ്ങളിൽ കിണ്ടിപ്പൂവ് എന്നും പേരുണ്ട്. ഓഗസ്റ്റ്–ഒക്ടോബർ മാസങ്ങളിലാണ് പൂവിടാറുള്ളത്. വയലിൽ വിരിയുന്ന പൂക്കൾക്ക് വലുപ്പം കൂടുതലായിരിക്കും. ചെടിയുടെ വേരുകളിൽ കാണപ്പെടുന്ന ചെറിയ അറകൾ ഇവയുടെ സമീപത്തെത്തുന്ന സൂക്ഷ്മജീവികളെ ഭക്ഷിക്കുന്നു. ഒപ്പം വേരിലൂടെ മണ്ണിലെ പോഷകങ്ങൾ വലിച്ചെടുക്കുകയും ചെയ്യും. കാക്കപ്പൂവിന്റെ ചില ഇനങ്ങൾ അലങ്കാരസസ്യമായി വളർത്താറുണ്ട്.



യാഷിൻ ഇ. ബൈജു, ക്ലാസ് 7
ഗവ. യു.പി.എസ്. ഇല്ലിത്തോട്
എറണാകുളം



# പൂമ്പാറ്റകൾ

ഇന്ന് സ്കൂൾ നേരത്തേ വിട്ടു. ബസ് കാത്തുനിൽക്കാതെ പതുക്കെ നടന്നു. ബസിലിരുന്ന് ദൂരെ കണ്ടത് പലതും അടുത്ത് കാണാം. വലിച്ചെറിഞ്ഞ മാലിന്യങ്ങൾ, കഴിഞ്ഞ വെള്ളപ്പൊക്കത്തിൽ കുമിഞ്ഞുകൂടിയ പ്ലാസ്റ്റിക്, നികത്തിയ പാടങ്ങൾ, അവിടെ ഉയർന്നുപൊങ്ങുന്ന കെട്ടിടങ്ങൾ അങ്ങനെ പലതും. ബസിലിരിക്കുമ്പോൾ ഏറ്റവും മനോഹരമെന്ന് തോന്നിയ പാലത്തിന്റെ അടിയിലേക്ക് ഒന്ന് നോക്കി. ലോകത്തുള്ള എല്ലാ മാലിന്യങ്ങളും ഇതിനടിയിലാണോ ഉപേക്ഷിക്കുന്നത് എന്ന് തോന്നിപ്പോയി.

നടന്നുനീങ്ങവേ അതാ, വഴിയരികിൽ ഒരു പ്ലാസ്റ്റിക് കുപ്പി. ഇങ്ങനെ വലിച്ചെറിയുന്ന കുപ്പികൾ വലിയ മലപോലെയാവുമോ എന്ന് പേടിതോന്നി. അതെന്റെ ഭൂമിയെ നശിപ്പിക്കും... ഒരുനിമിഷം ഞാൻ റോഡരികിൽ നിന്നുപോയി.

ഞാൻ ആ കുപ്പി വീട്ടിലേക്ക് കൊണ്ടുപോയി. കുറച്ചുനേരം അതിനെത്തന്നെ നോക്കിയിരുന്നു. അപ്പോൾ കുപ്പിയിൽ ചെറിയൊരു ചിത്രശലഭത്തെ കാണാൻകഴിഞ്ഞു. ആ കുപ്പിയുടെ ഉടൽ ശലഭത്തിന്റെ ചിറകുകളും ശരീരവുമായി മാറി. കുപ്പിയുടെ അടപ്പാണ് ശലഭത്തിന് തല. വഴിയിൽ കിടന്ന കുപ്പിയുടെ ഓർമ വർണച്ചിറകുള്ള പൂമ്പാറ്റയായി പാറി, അത് എന്നെ നോക്കിച്ചിരിച്ചു.

അഭിനവ് രതീഷ്, ക്ലാസ് 3
ടൈനി ടോട്സ് ജൂനിയർ സ്കൂൾ
ആലപ്പുഴ

വർണച്ചിറക് കവിത

# കരുതൽ


image: vecteezy.com

വരണ്ട ഭൂമിക്ക്
തണൽ
കുളിരേകിടട്ടെ

ഹരിതപത്രങ്ങൾ
ചുരത്തട്ടെ
ജീവനായ് പ്രാണവായു

അമൃതായി ചൊരിയട്ടെ
ജലകണങ്ങൾ
ജീവൻ തളിർത്തിടാൻ

എൻ കരസ്പർശം
ഇല്ലാതിരിക്കട്ടെ
തുടിക്കട്ടെ ജീവന്റെ സ്പന്ദനം

തരു തനുവിൽ
തലോടിടട്ടെ
കരുതലോടെ ജീവിതം.

അജ്ന മിന്ന, പ്ലസ് വൺ
എം.ഇ.എസ്.എച്ച്.എസ്.എസ്.,
വണ്ടന്മേട്, ഇടുക്കി

മാതൃഭൂമി
# ആകാശപ്പച്ച

മനസ്സിൽ
മരങ്ങൾ
വളർന്നാലേ
മണ്ണിന്
തണലാവൂ,
അതുവരെ
എല്ലായിടവും
മരുഭൂമിയാണ്!



ആകാശപ്പച്ചയിലേക്കുള്ള
രചനകളും നിർദേശങ്ങളും
akashapacha@mpp.co.in
എന്ന വിലാസത്തിലേക്ക്
അയക്കാം. വിശദവിവരങ്ങൾക്ക്
സീഡ് ജില്ലാ കോ-
ഓഡിനേറ്റർമാരോട് സംസാരിക്കാം.

Published by Mathrubhumi Seed